## പതിമൂന്നാം കേരള നിയമ സഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 261 02-04-2013 -ലെ മറുപടിക്ക്

## വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| എ) | വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പ്രതിരോധത്തിനും കുടുംബശ്രീയുടെ സേവനം തേടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഏതെല്ലാം മേഖലയിലാണ് കുടുംബശ്രീ പ്രവർത്തകരുടെ സേവനം ലക്ഷ്യമിട്ടിട്ടുള്ളത്; ഇവർക്ക് ഇതിന് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ ; | ബി) | ശുദ്ധജല സ്രോതസ്സുകളുടെ (കുളങ്ങൾ, കിണറുകൾ, ചിറകൾ) കണക്കെടുപ്പ്, ശുദ്ധജല സ്രോതസ്സുകളിൽ അശുദ്ധ ജലം കലരുന്നത് തടയുക, വൃത്തിയായി സൂക്ഷിക്കൽ, ശുദ്ധജല സ്രോതസ്സുകളിലെ ജലത്തിന്റെ നിലവാര പരിശോധന ജലനിധിയുടെ സഹായത്തോടുകൂടി നടത്തുക, എന്നീ പ്രവർത്തികൾക്കാണ് കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്താനായി നിർദ്ദേശിച്ചിട്ടുള്ളത്. ജലനിധി ഇക്കാര്യത്തിൽ വേണ്ട പരിശീലനം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) | ഏത് തലത്തിലുള്ള ഉദ്യോഗസ്ഥരാണ് കുടുംബശ്രീ പ്രവർത്തകരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്; നിലവിൽ ആർക്കെങ്കിലും ഇതിന്റെ ചുമതല നൽകിയിട്ടുണ്ടോ ; | സി) | വരൾച്ചാ പ്രതിരോധ പ്രവർത്തന ങ്ങൾക്കായി നിർദ്ദേശിച്ചിട്ടുള്ളതിൽ ചില പ്രവൃത്തികൾ കുടുംബശ്രീ / അയൽക്കൂട്ട കൂട്ടായ്മ ഉപയോഗിച്ച് നിർവ്വഹിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ പ്രദേശങ്ങളുടെ പ്രത്യേകതയും ആവശ്യങ്ങളും അനുസരിച്ച് അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിധ്യത്തിൽ സംഘടിപ്പിക്കുന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും യോഗത്തിലെ നിർദ്ദേശങ്ങൾ പരിഗണിച്ചും ആണ് കുടിവെള്ള /വരൾച്ചാ ദുരിതാശ്വാസ പ്രവർത്ത നങ്ങൾ നടത്തി വരുന്നത്. |
| ഡി) | ഈ പ്രവർത്തനം സംസ്ഥാന വ്യാപകമായി നടപ്പാക്കുവാൻ പദ്ധതിയുണ്ടോ; | ഡി) | ഉണ്ട്. ഓരോ ജില്ലയിലേയും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പി |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ നൽകാമോ? | | ക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ഈ യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തി വരുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ